കോഴിക്കോട് എന്നീ ജില്ലകളിൽ 34 പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാനും പുതിയ മൊബൈൽ സ്കാഡുകൾ ഏർപ്പെടുത്തുവാനും, വകുപ്പിന്റെ പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നതിനായി കമ്മീഷണറേറ്റിൽ ഒരു പരിശോധനാ വിഭാഗം രൂപീകരിക്കാനും ഉള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. തിരുവനന്തപുരം, കോട്ടയം, എന്നിവടങ്ങളിൽ വാണിജ്യ നികുതി കോംപ്ലക്സുകൾ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകികഴിഞ്ഞു. തൃശ്ശൂരിൽ വാണിജ്യ നികുതി കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(6) നികുതി പിരിക്കൽ കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിനുവേണ്ടി സ്പെഷ്യൽ സർക്കിളുകളിൽ ഉള്ള വ്യാപാരികൾക്ക് ഇലക്ട്രോണിക് -ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള സംവിധാനം കെൽട്രോൺ മുഖേന നടപ്പാക്കി വരുന്നു.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രധാന ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. നികുതി പിരിവ് ലളിതവും വേഗത്തിലും ആക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് സ്പെഷ്യൽ സർക്കിളുകളിലുള്ള വ്യാപാരികൾക്ക് ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള സംവിധാനം കെൽട്രോൺ മുഖേന നടപ്പാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി ഉപകരണങ്ങൾ, ഫർണിച്ചർ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ടി കമ്മിറ്റികൾ വില്പന നികുതി ചെക്ക് പോസ്റ്റുകളിലേയും സ്കാഡുകളിലേയും അധിക ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിൽ പുതിയ ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്കാഡുകളും അനുബന്ധ തസ്തികകളും സ്ഥാപിക്കുന്നതുസംബന്ധിച്ചിട്ടുള്ള കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

"വാറ്റ്" നടപ്പിലാക്കുന്നതു സംബന്ധിച്ച്

*18 [669] *ശ്രീ. കെ. രാധാകൃഷ്ണൻ:*
" *എ. സി. മൊയ്തീൻ:*
" *പി. സി. ജോർജ്:*
" *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഏപ്രിൽ ഒന്നു മുതൽ വാറ്റ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ വില്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക കളക്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി ധനകാര്യബില്ലിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാറ്റ് സമ്പ്രദായം നടപ്പാക്കുന്ന ആദ്യഘട്ടത്തിൽ ചെറുകിട കച്ചവട സ്ഥാപനങ്ങളേയും മറ്റും വാറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*):

(എ) ഉണ്ട്.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസുകളിലെ നിലവിലുള്ള ഉദ്യോഗസ്ഥന്മാരിൽ കുറച്ചുപേരെ വില്പന നികുതി നിയമ പ്രകാരം നികുതി നിർണ്ണയിക്കുവാനും അതുമായി ബന്ധപ്പെട്ട കുടിശ്ശിക പിരിക്കുവാനും നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2005-ലെ ധനകാര്യ നിയമത്തിൽ വകുപ്പ് 98(4)-ൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക കളക്ട് ചെയ്യുന്നതിന് സഹായകമായ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) വാറ്റ് നിയമത്തിന്റെ പരിധിയിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി 10 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യാപാരികളെ ഒഴിവാക്കിയിട്ടുണ്ട്.

വരൾച്ച ദുരിതാശ്വാസ നടപടികൾ

*19 [670] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ച മൂലം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ട്യൂബ് വെല്ലുകൾ, ബോർവെല്ലുകൾ എന്നിവകളുടെ അറ്റകുറ്റപ്പണികൾ തീർക്കുവാനും ഓപ്പൺ വെല്ലുകളുടെ വികസനത്തിനും പെപ്പ് ലൈനുകൾ നീട്ടുന്നതിനും ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly